"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശ്രീലക്ഷ്മി ശ്രീധറിന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1885/2022/LSGD തീയതി,തിരുവനന്തപുരം, 02-08-2022

---

പരാമർശം:-

1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. ശ്രീമതി. ശ്രീലക്ഷ്മി ശ്രീധറിന്റെ 14.01.2021 ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 12.12.2019, 15.04.2022 എന്നീ തീയതികളിലെ ഇ6-14616/2019 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശ്രീലക്ഷ്മി ശ്രീധർ-ന് 21.04.2019 മുതൽ 02.02.2021 വരെ ശൂന്യവേതനാവധി അനുവദി ക്കണമെന്നാവശ്യപ്പെട്ട് പരാമർശം ( 2 ) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 3 ) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.ശ്രീലക്ഷ്മി ശ്രീധർ 29.07.2017 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾ ക്ക് 180 ദിവസത്തെ പ്രസവാവധി കഴിഞ്ഞ് 21.04.2019 മുതൽ 19.06.2019 വരെ 6 0 ദിവസത്തേക്ക് കെ.എസ്.ആർ ഭാഗം 1 , ചട്ടം 1 0 2 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകല്യത്തോടെ ആർജ്ജിതാവധിക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. 15.06.2019 FN ൽ ടിയാൾ തിരികെ സേവനത്തിൽ പുനഃപ്രവേശിക്കുകയും 15.06.2019 മുതൽ 19.06.2019 വരെ 9 0 ദിവസത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിക്കുകയും ചെയ്തു. തുടർന്ന് വീണ്ടും ഒരു വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്ക് അപേക്ഷിച്ചതിനെ തുടർ ന്ന്, 15.06.2019 AN മുതൽ 13.09.2019 FN വരെ അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്ത് സർക്കാർ അനുമതിയ്ക്കായി അപേക്ഷ ലഭ്യമാക്കുകയും ചെയ്തു. ശ്രീമതി.ശ്രീലക്ഷ്മി ശ്രീധർ തിരികെ 03.02.2021 ന് സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശ്രീലക്ഷ്മി ശ്രീധർ-ന് പ്രസവാവധിയുടെ തുടർച്ചയായി 21.04.2019 മുതൽ 19.06.2019 വരെ കെ.എസ്.ആർ, ഭാഗം I , ചട്ടം 1 0 2 ന്റെ ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യം നൽകി ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും 20.06.2019 മുതൽ 02.02.2021 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ.എസ്.ആർ ഭാഗം I , ചട്ടം 88 (ii)-ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

സ.ഉ.(സാധാ) നം.1885/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, മണർക്കാട് ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ശ്രീമതി.ശ്രീലക്ഷ്മി ശ്രീധർ, ക്ലാർക്ക്, മണർക്കാട് ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് (20.07.2022ലെ 281/ഡെവ -5/20/2022/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(7/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 02-08-2022 18:02:50
സെക്ഷൻ ഓഫീസർ